കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

# ഉളിക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് -2015-2016

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ/കെഎൻആർ/സി4/2130/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-1
E-mail : lfaddistofficeknr@gmail.com
Phone: 0497-2707698
തീയ്യതി : 02.02.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),
ഉളിക്കൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ഉളിക്കൽ ഗ്രാമപഞ്ചായത്ത് --- 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1, 2-4, 3-1, 3-3, 3-4 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം.കെഎസ്എ/കെഎൻആർ/സി4/2130/2016.

തീയതി: 02.02.2017.

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ്വ ചെലവ്വ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 17 അന്വേഷണക്കുറിപ്പുകളിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-11-2016 മുതൽ 30-11-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ജയരാജൻ കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ.ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീ.ദിലീപ് കുമാർ കെ എൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബെന്നി തോമസ്<br>ശ്രീമതി.ഷേർലി അലക്സാണ്ടർ | 01-04-2015 മുതൽ 31-10-2015 വരെ<br>12-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ശ്രീ.ഹസ്സനാർ റാവുത്തർ ഇ എം<br>ശ്രീ.ബി കെ കേശവ | 01-04-2015 മുതൽ 05-03-2016വരെ<br>06-03-2016 മുതൽ 31-03-2016 വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ. 20-10-2015 ഉത്തരവ് പ്രകാരം 01-11-2015 മുതൽ 11-11-2015 വരെ താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്നു ഭരണ ചുമതല.

1. ശ്രീ. ഹസ്സനാർ റാവുത്തർ ഇ എം, ഗ്രാമപഞ്ചായത്ത് സെക്രട്ടറി
2. ശ്രീ നവാസ് ഡി, കൃഷി ഓഫീസർ
3. ശ്രീമതി.അനിത കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ.

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ. നവാസ് ഡി | 01-04-2015 | 09-07-2015 |
| | | ഷീബ പി ടി<br>(അധിക ചുമതല) | 10-07-2015 | 30-08-2015 |
| | | നവാസ് ഡി<br>(അധിക ചുമതല) | 01-09-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീ. അനീഷ് .കെ | 01-04-2015 | 31-03-2016 |
| 3 | വെറ്ററിനറി സർജ്ജൻ | ഡോ.പി കെ മണിമോഹൻ | 01-04-2015 | 31-03-2016 |
| 4 | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.മഞ്ജു എം കുമാർ | 01-04-2015 | 18-06-2015 |
| | | ഡോ.ഷിനി പത്മൻ | 19-06-2015 | 01-10-2015 |
| | | ഡോ. സൽമത്ത് കെ.ടി | 13-11-2015 | 29-01-2016 |
| | | ഡോ.ഷിനി പത്മൻ | 30-01-2016 | 31-03-2016 |
| 5 | മെഡിക്കൽ ഓഫീസർ<br>(ജി എച്ച് ഡി) | ഡോ.നിഷ.പി | 01-04-2015 | 31-03-2016 |
| 6 | മെഡിക്കൽ ഓഫീസർ<br>(ആയ്യുർവേദം) | എബി അബ്രഹാം | 01-04-2015 | 31-03-2016 |

| | | | | |
|---|---|---|---|---|
| 7 | അസി. എഞ്ചിനീയർ | ശ്രീ.നിജേഷ്.സി | 01-04-2015 | 17-08-2015 |
| | | കലേഷ്.കെ | 18-08-2015 | 31-03-2016 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | അനിത.പി | 01-04-2015 | 30-06-2015 |
| | | കമലാക്ഷി.കെ | 01-07-2015 | 20-12-2015 |
| | | അനിത.കെ | 21-12-2015 | 31-03-2016 |
| 9 | അസി. സെക്രട്ടറി | ശ്രീ. സുരേഷ് ബാബു.കെ | 01-04-2015 | 31-03-2016 |
| 10 | ഹെഡ്മാസ്റ്റർ | ശ്രീ.മേരി മാത്യു | 01-04-2015 | 31-03-2016 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം – 1 – പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ | |
| 11 | 1-11 | ഗ്രാമസഭകൾ | |
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും. | |
| 13 | 1-13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | |
| ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | 2-1 | വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല – കുടിശ്ശിക വർദ്ധിക്കുന്നു | |
| 15 | 2-2 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | |
| 16 | 2-3 | ഷോപ്പിംഗ് കോംപ്ലക്സ് ലേലം - ബൈലോയിലെ വ്യവസ്ഥകൾ പാലിച്ച് മുറികൾ പുനർലേലം ചെയ്യുന്നില്ല. | |

| | | | |
|---|---|---|---|
| 17 | 2-4 | സേവന നികുതി ഈടാക്കുന്നില്ല | |
| ഭാഗം 3 – ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | 3-1 | തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി. – ചെലവുതുക 99,060/ രൂപ തടസപ്പെടുത്തുന്നു. | |
| 19 | 3-2 | എസ് എസ് എ പ്രോജക്ടിനു ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയിൽ ചർച്ചചെയ്യുന്നില്ല. | |
| 20 | 3-3 | ഐ എ വൈ ഭവനനിർമ്മാണം (പട്ടികജാതി) - ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവു തുക 2,60,000/- രൂപ തടസപ്പെടുത്തുന്നു | |
| 21 | 3-4 | അതുല്യം സാക്ഷരതാ പരിപാടി (പ്രോജക്ട് നം. 69/16) - ചെലവ് തുക 10,000/- രൂപ തടസ്സപ്പെടുത്തുന്നു | |
| 21 | 3-5 | ജവഹർ ഭവനപദ്ധതി -നിർവഹണത്തിലെ അപാകങ്ങൾ | |
| 22 | 3-6 | സ്ഥിരം/പൂർണ്ണസമയ ജീവനക്കാരുടെ അഭാവം - എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു | |
| 23 | 3-7 | പാലിയേറ്റീവ് പരിചരണം- അവലോകനം | |
| 24 | 3-8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | |
| 25 | 3-9 | ദുരിതാശ്വാസനിധി - അവലോകനം | |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 26 | 4-1 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ | |
| 27 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 28 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 29 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 30 | 4-5 | വായ്പ/വായ്പ തിരിച്ചടവ് | |
| 31 | 4-6 | സ്ഥിരനിക്ഷേപങ്ങൾ | |
| 32 | 4-7 | ഓഡിറ്റ് റിക്കവറി | |
| 33 | 4-8 | ചാർജ്ജ്-സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | |
| 34 | 4-9 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |

| | | | |
|---|---|---|---|
| 35 | 4-10 | ഓഡിറ്റ് പ്രത്യവലോകനം | |
| 36 | 4-11 | ഓഡിറ്റ് ഇംപാക്ട് | |
| 37 | 4-12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 38 | അനുബന്ധം-1 | Audit Cetificate | |
| 39 | അനുബന്ധം-2 | Income & Expenditure Statement | |
| 40 | അനുബന്ധം-3 | Receipt& Payment Statement | |
| 41 | അനുബന്ധം-4 | Balance Sheet | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് PR No.33/2015 തീയതി 25-03-2015 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 59,49,027 | 2,71,68,109 | 2,12,19,082 | | 356.68 |
| വരവ് | 15,86,48,350 | 4,26,71,562 | | 11,59,76,788 | 73.10 |
| ആകെ | 16,45,97,377 | 6,98,39,671 | | 9,47,57,706 | 57.57 |
| ചെലവ് | 16,30,81,900 | 5,69,76,604 | | 10,61,05,206 | 65.06 |
| നീക്കിയിരിപ്പ് | 15,15,477 | 1,28,63,067 | 1,13,47,590 | | 748.78 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-2016 | 31-07-2016 | 30-07-2016 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-2016 | 19-11-2016 | കെഎസ്എ/കെഎൻആർ/സി16/ / 2016 തീയ്യതി | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

(1) ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതിയിനത്തിലുള്ള ഡിമാന്റ്, പിരിവ്, ബാക്കി എന്നീ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(2) B-11 ഷെഡ്യൂളിൽ കാണിച്ച ആസ്തി വിവരം പഞ്ചായത്ത് സൂക്ഷിച്ച ആസ്തി രജിസ്റ്ററിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

സർട്ടിഫിക്കറ്റ് അനുബന്ധം –1 ആയി നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

സ്ഥാപനത്തിന്റെ 2015-2016 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 2,71,68,109 |
| വരവ് | 4,26,71,562 |
| ആകെ | 6,98,39,671 |
| ചെലവ് | 5,69,76,604 |
| നീക്കിയിരിപ്പ് | 1,28,63,067 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 28,89,705 | 1,10,54,642 | 13,944,347 | 1,39,44,347 | (+)76,53,002 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്‌സിപി) | 4,52,192 | 7,55,050 | 12,07,242 | 9,25,050 | (-)2,82,192 | 0 |
| വികസന ഫണ്ട് (ടിഎസ്‌പി) | 27,742 | 10,95,000 | 11,22,742 | 10,95,000 | (-)27,742 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 56,090 | 76,01,829 (+56,090) | 7657919 | 76,57,919 | (-)56,090 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 6,32,643 | 5,86,725 (-56,090) | 12,19,368 | 12,19,368 | (+)56,090 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,11,092 | 72,89,888 | 80,00,980 | 52,03,063 | (-)27,97,917 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 45,45,151 | 41,96,652 | 87,41,803 | 41,96,652 | (-)45,45,151 | 0 |
| MGNREGS | 0 | 2,13,92,748 | 2,13,92,748 | 2,13,90,681 | 0 | 2,067 |
| ബി ഫണ്ട് | 0 | 3,37,49,705 | 3,37,49,705 | 3,37,49,705 | 0 | 0 |
| ബ്ലോക്ക്/സെൻട്രൽ ഷെയർ (തനത് ഫണ്ട് അക്കൗണ്ടിൽ) | 6,97,348 | 4,63,726 | 11,61,074 | 8,50,000 | 0 | 3,11,074 |
| ശുചിത്വം | 9,54,477 | 33,325 | 9,87,802 | 2,00,000 | 0 | 7,87,802 |
| പശ്ചിമഘട്ടം | 1,90,502 | 7,694 | 1,98,196 | 0 | 0 | 1,98,196 |
| എം പി ഫണ്ട് | 8,894 | 1,20,501 | 1,29,395 | 1,21,000 | 0 | 8,395 |
| സാക്ഷരത | 4,584 | 1,08,814 | 1,13,398 | 1,08,060 | 0 | 5,338 |
| ആകെ | 1,11,70,420 | 8,84,56,299 | 9,96,26,719 | 9,06,60,845 | | 13,12,872 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2015-16 | 180 | 7,01,84,574 | 102 | 4,51,91,344 | 10 | 68 | 57 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.73 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 44,92,200 | 35,32,199 | (-)9,60,001 | (-) 21.37 |
| നികുതിയേതര വരവുകൾ | 7,21,145 | 10,58,794 | 3,37,649 | 46.82 |
| മറ്റുവരവുകൾ(ഇനം തിരിച്ച്) | | | | |
| ഫോറം വില | 2,52,404 | 2,32,858 | (-)19,546 | (-)7.74 |
| പലിശ വരവ് | 34,855 | 31,638 | (-)3,217 | (-)9.22 |
| മറ്റുള്ളവ | | 25 | 25 | |
| ആകെ | 55,00,604 | 48,55,514 | (-)6,45,090 | (-)11.73 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 58,440 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 37,56,840 | 546 |
| വിധവാപെൻഷൻ | 92,83,080 | 1167 |
| വാർദ്ധക്യകാലപെൻഷൻ | 1,64,13,960 | 2230 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 34,60,725 | 360 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,40,160 | 45 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 3,90,000 | 12 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-10-2016മുതൽ 25-10.2016 വരെ | 01-08-2016 മുതൽ 30-09-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-9-2010 | 2004-05 മുതൽ 2009-10 വരെ | എൽ.ബി.എ(എച്ച്. ക്യൂ) 1642/2007 തീയതി 22-10-2010 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2016-ന് 15.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,209/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 20 വാർഡുകളിലെയും പഴയ ഭരണസമിതിയുടെ ഗ്രാമസഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 2 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം, വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ, സേവാഗ്രാം പ്രാവർത്തികമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ ഫലപ്രദമായി നടത്തിയിട്ടുണ്ട്. പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം ഓഡിറ്റ് കാലയളവിനുള്ളിൽ ഒരു തവണ (2016 ഫിബ്രവരി മാസം) മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.

എല്ലാ ഗ്രാമസഭാ യോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ പല യോഗങ്ങളിലും ഉണ്ടായിട്ടുള്ളൂ.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. ഇടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത്‌രാജ് നിയമം 3 എ (3) വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമസഭാ യോഗങ്ങളിൽ മേൽ സൂചിപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ഗ്രാമസഭ വിളിച്ചു ചേർത്ത് ആയത് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവയിൽ സുപ്രധാന പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിൽ (ജി.ഒ.എം.എസ്.362/2013/തസ്വഭവ/16-11-13) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയ മേഖലകൾക്ക് അനുബന്ധം 3(1), 3(2) എന്നിവയിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണത്തിനായി വിവിധ മേഖലകൾക്ക് പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച പ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 12 മുതൽ 17 വരെ അംഗങ്ങൾ ഉണ്ട്. ഓഡിറ്റ് വർഷത്തിൽ പുതുതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 02/2016-ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും അതിനു ശേഷം 06/2016-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിലെ അംഗങ്ങളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പൊതുവെ ക്വാറം തികയാനുള്ള പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. പദ്ധതി മാർഗ്ഗരേഖ ഖ: 11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതായി മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിട്ടർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-13 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) തൻപതിവേട് (Personal Register) – സൂക്ഷിക്കൽ

മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക-21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിക്കേണ്ടതുമാണ്. ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകളിൽ പലതിലും സെക്ഷൻ മേധാവിയുടെയും ക്ലർക്കിന്റെയും പേര് ചേർത്തിട്ടില്ല. രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. 6 മുതൽ 10 വരെയുള്ള കോളങ്ങൾ ഒന്നും ചേർക്കാത്ത അവസ്ഥയിലാണ്. എം.ഒ.പി. ഖണ്ഡിക-150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note file)സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകൾ സെക്ഷൻ മേധാവി പരിശോധിച്ചതായി കാണുന്നില്ല. മാസാന്ത്യസംഗ്രഹം, തുടർ കുറിപ്പ് ഫയൽ, ഓർമ്മിപ്പിക്കൽ ഡയറി ഫോറം-XV, അനുബന്ധം-1 എന്നിവ ഒരു സെക്ഷനിലും സൂക്ഷിക്കുന്നില്ല.

2) സ്റ്റാഫ് മീറ്റിംഗുകൾ

02-07-2009-ലെ ജി.ഒ.(എം.എസ്.)123/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിർദേശങ്ങൾ പ്രകാരം എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷം 19-01-2016 തീയ്യതിയിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത മീറ്റിംഗിൽ അജണ്ട വച്ച് കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഫീസിന്റെ മൊത്തം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും സ്റ്റാഫ് മീറ്റിംഗ് ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ഓഫീസ് ഉത്തരവുകൾ

വിശദമായ ജോലി വിഭജന രേഖ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. 10.04.2015 മുതൽ 04-01-2016 വരെയുള്ള തീയതികളിൽ 20 എണ്ണം ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 3-11-2006-ലെ 45776/പി.എ.3/06/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച എച്ച്1/13880/06 തീയതി 18-01-2007 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓരോ ജീവനക്കാരനും ഉത്തരവാദിത്തങ്ങളിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ, ബാധ്യതകൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച് ഓഫീസ് ഉത്തരവുകളിൽ പരാമർശിക്കുന്നതായി കാണുന്നില്ല. ഓഫീസ് ഉത്തരവുകൾ യഥാസമയം തന്നെ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നുണ്ട്.

4) ഹാജർ പുസ്തകം

ഹാജർ പുസ്തകത്തിൽ ജീവനക്കാർ കൃത്യമായി ഒപ്പുരേഖപ്പെടുത്തുകയും അവധി വിവരം, മറ്റു ജോലികളുടെ വിവരം എന്നിവ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

5) ഫ്രണ്ട് ഓഫീസ് സംവിധാനം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി പൂർത്തിയാക്കുന്നുണ്ടെങ്കിലും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പു വയ്ക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ചുമതല ജീവനക്കാർ ഏറ്റെടുക്കുകയും കൈമാറിക്കൊടുക്കുകയും ചെയ്യുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ട്.

6) പേഴ്സണൽ ക്യാഷ് രജിസ്റ്റർ

കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല – കുടിശ്ശിക വർദ്ധിക്കുന്നു

2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡ് 32,82,683/- രൂപയായിരുന്നു. ഇതിൽ 21,41,792/- രൂപ മാത്രമാണ് പിരിച്ചെടുത്തത് (65.24%). 2015-16 വർഷത്തിൽ ഈ ഇനത്തിലെ ഡിമാൻഡ് 29,56,521/- രൂപയാണ്. ഇതിൽ പിരിച്ചെടുക്കാൻ കഴിഞ്ഞത് 14,60,342/- രൂപയാണ് (49.39%).

2015-16 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക ഡിമാൻഡ് 6,50,908/- രൂപയാണ്. ഇതിൽ പിരിച്ചെടുക്കാൻ കഴിഞ്ഞത് 3,82,067/- രൂപയാണ് (58.70%). ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു വരുമാന സ്രോതസ്സായ വസ്തുനികുതി ഡിമാൻഡ് ചെയ്തതിന്റെ പകുതിയോളം മാത്രമേ പിരിച്ചെടുക്കാൻ സാധിക്കുന്നുള്ളൂ എന്ന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു. ഓഡിറ്റ് വർഷത്തെ നികുതി വരുമാനത്തിന്റെ 83.70 ശതമാനവും വസ്തു നികുതിയിനത്തിലാണ് പ്രതീക്ഷിച്ചതെങ്കിലും 41.34 ശതമാനം മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഓഡിറ്റ് വർഷം ജീവനക്കാരുടെ കുറവോ മറ്റു പ്രശ്നങ്ങളോ ചൂണ്ടിക്കാട്ടാൻ സാധിക്കുകയില്ല. സ്റ്റാഫ് മീറ്റിംഗിലും ഭരണസമിതി സ്ഥിരം സമിതി യോഗങ്ങളിലും നികുതി പിരിവ് ഊർജ്ജിതമാക്കാൻ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുമുണ്ട്. എന്നിട്ടും നികുതി പിരിവിൽ ഇത്രയും വീഴ്ച വരാനിടയായതെങ്ങനെ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കൂടാതെ ഡിമാൻഡ് ചെയ്ത വസ്തുനികുതി അതാത് വർഷത്തിൽ തന്നെ പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

i) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല:

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ 2015-16 വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ തൊഴിൽ നികുതി 2014-15 വർഷം ഈടാക്കാത്തത് 2014-15-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2014-15 വർഷം മുതൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ തൊഴിൽ നികുതി ഇരിക്കൂർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ഈടാക്കി ഇരിക്കൂർ ഗ്രാമപഞ്ചായത്തിലാണ് അടക്കുന്നത് എന്നാണ് മറുപടി നൽകിയത്.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204(1)(എ) പ്രകാരം ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്തിട്ടുണ്ടെങ്കിൽ പഞ്ചായത്ത് അയാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥനെ നിയന്ത്രി ക്കുന്ന സ്ഥലം പഞ്ചായത്തിന് വെളിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും അയാൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ജോലി ചെയ്യുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്.

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ തൊഴിൽ നികുതി മേലിൽ ഉളിക്കൽ പഞ്ചായത്തിൽ തന്നെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii) <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകിയിട്ടില്ല:</u>

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ വിവരം, വാടകയ്ക്ക് നൽകിയതാണെങ്കിൽ വാടക, കാലയളവ് തുടങ്ങിയ വിവരം ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം നൽകിയിട്ടില്ല. നോട്ടീസ് നൽകുകയും സ്ഥാപന രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

iii) <u>അൺ എയിഡഡ് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല:</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (i) ഫ്ലവററ്റ് ഇംഗ്ലീഷ് മീഡീയം സ്കൂൾ, എ.കെ.ജി. നഗർ, (ii) സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡീയം സ്കൂൾ, പേരട്ട എന്നീ അൺ എയിഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷം വരെ തൊഴിൽ നികുതി ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പഞ്ചായത്ത് നൽകിയ നോട്ടീസിന്റെ അടിസ്ഥാനത്തിൽ മേൽ സ്കൂളുകളിൽ നിന്ന് 2016-17 വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

ഫ്ലവററ്റ് ഇംഗ്ലീഷ് മീഡീയം സ്കൂളിന് 2011 മുതൽ CBSE അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡീയം സ്കൂൾ 2004 മുതൽ പ്രവർത്തിക്കുന്നുണ്ടെന്നും വെബ് സൈറ്റുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്ന മുൻ വർഷങ്ങളിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഇത്തരത്തിൽ തൊഴിൽ നികുതി അടക്കാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 <u>ഷോപ്പിംഗ് കോംപ്ലക്സ് ലേലം - ബൈലോയിലെ വ്യവസ്ഥകൾ പാലിച്ച് മുറികൾ പുനർലേലം ചെയ്യുന്നില്ല</u>

വാർഡ് നം. 12-ൽ സ്ഥിതി ചെയ്യുന്ന ഉളിക്കൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴത്തെ നിലയിലെ 13 മുറികൾ (169B മുതൽ 169Nവരെ) 2008-09 വർഷം മുതൽ വാടകയ്ക്ക് നൽകി വരുന്നുണ്ട്.

രജിസ്റ്ററുകളും ഫയലും പരിശോധിച്ചപ്പോൾ 2008-09-ൽ ലേലം കൊണ്ട വ്യക്തികൾ തന്നെയാണ് ഇപ്പോഴും മുറികൾ കൈവശം വച്ചു വരുന്നത് എന്നാണ് മനസ്സിലാകുന്നത്.

ഗ്രാമപഞ്ചായത്ത് തയ്യാറാക്കുകയും 15-07-08-ൽ പഞ്ചായത്ത് ഡയറക്ടർ അംഗീകരിക്കുകയും ചെയ്ത ബൈലോയിലെ ഖണ്ഡിക 4-ൽ മുറികൾ കൈവശം വെയ്ക്കാനുള്ള അവകാശം വർഷാവർഷമോ അഥവാ പരമാവധി മൂന്ന് വർഷത്തിൽ കവിയാത്ത കാലത്തേക്കോ മാർച്ച് മാസം 31-ന് അവസാനിക്കും വിധം പരസ്യലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിൽ നൽകണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പുനർലേലം നടത്താതെ തന്നെ 2008-09-ൽ മുറികൾ വാടകയ്ക്ക് എടുത്ത വ്യക്തികൾ തന്നെയാണ് വർഷാവർഷം 5% വർദ്ധനവിൽ നാളിതു വരെ മുറികൾ കൈവശം വെച്ചു വരുന്നത്. ഇക്കാരണത്താൽ വാടകയിനത്തിൽ നാമമാത്രമായ വർദ്ധന മാത്രമേ പ്രതിവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നുള്ളൂ.

| പഴയ റൂം നം. | പേര് | ലേലം കൊണ്ട വർഷം | 2015-16-ലെ പ്രതിമാസ വാടക |
|---|---|---|---|
| 169 B | ഷാജി ജോർജ്, സ്രാമ്പിക്കൽ | 2008-09 | 1,478 |
| 169 C | ജിജോ എം തോമസ്, മരങ്ങാട്ട്മ്യാലിൽ | 2008-09 | 1,405 |
| 169 D | ജിജോ എം തോമസ്, മരങ്ങാട്ട്മ്യാലിൽ | 2008-09 | 1,162 |
| 169 E | ഷാജി ജോർജ്, സ്രാമ്പിക്കൽ | 2008-09 | 1,197 |
| 169 F | രാജു പി.ജെ, പതിച്ചിക്കാംപതിയിൽ | 2008-09 | 1,162 |
| 169 G | ടോം ജോസഫ്, കാഞ്ഞിരത്തുങ്കൽ | 2009-10 | 1,405 |
| 169 H | എൻ മുജീബ് | 2008-09 | 1,162 |
| 169 I | ജോജോ കുര്യൻ, വാഴക്കാട്ട് | 2008-09 | 1,162 |

| | | | |
|---|---|---|---|
| 169 J | കൃഷ്ണൻ വി.കെ | 2008-09 | 1,197 |
| 169 K | പ്രശാന്ത് പി.വി, പുതിയവീട്ടിൽ | 2008-09 | 1,126 |
| 169 L | ബിജു ജോസഫ് കാഞ്ഞിരംകുന്നേൽ | 2008-09 | 1,197 |
| 169M | ബാബു ചെമ്മരപ്പിള്ളിൽ | 2009-10 | 1,541 |
| 169 N | ബാബുരാജ് വി.കെ, വാഞ്ചുപറമ്പിൽ | 2008-09 | 1,478 |

ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാമത്തെ നിലയിലെ മുറികൾ ഇതിലും കൂടിയ വാടകയ്ക്കാണ് 2015-16-ൽ ലേലത്തിൽ പോയിരിക്കുന്നത്. അംഗീകരിച്ച ബൈലോയിലെ ഖണ്ഡിക 4 പ്രകാരം കടമുറികൾ പുനർലേലം നടത്തി വരുമാന വർദ്ധനവുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സേവന നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത്രാജ് നിയമം, വകുപ്പ് 200 (2) പ്രകാരം ശുചിത്വപരിപാലനം, ജലവിതരണം, സ്കാവഞ്ചിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 1995-ലെ കേരള പഞ്ചായത്ത്രാജ് സേവന നികുതി ചട്ടങ്ങൾ പ്രകാരം ചുമത്തുന്ന സേവന നികുതി ശുചിത്വ പരിപാലനത്തിന് ഒരു ശതമാനത്തിലും ജലവിതരണത്തിന് 2 ശതമാനത്തിലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2 ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിംഗ് എന്നിവയ്ക്ക് 1 ശതമാനത്തിലും കുറയുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്.

ഉളിക്കൽ ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് കത്തിക്കൽ എന്ന സേവനത്തിനായി വലിയ തുക വർഷാവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും നാളിതു വരെയായി ഇതിന് സേവന നികുതി ചുമത്തുന്ന കാര്യം പഞ്ചായത്ത് പരിഗണിച്ചിട്ടില്ല. 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുകയുടെയും നിശ്ചിത കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സേവന നികുതിയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| സേവനത്തിന്റെ പേര് | സേവനം നൽകുന്നതിന് 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുക | 2015-16 വർഷത്തിൽ വസ്തു നികുതിയിനത്തിൽ ഡിമാന്റ് | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|---|---|

| 1 | 2 | 3 | 4 |
|---|---|---|---|
| തെരുവ് വിളക്ക് കത്തിക്കൽ | 2,04,800 | 32,82,683 | 65,654 |

സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽ പോലും തൻവർഷം 65,654/- രൂപ സേവന നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്നു എന്ന് പട്ടിക വ്യക്തമാക്കുന്നു. യഥാസമയം ന്യായമായ നിരക്കിൽ സേവനങ്ങൾക്ക് നികുതി ചുമത്താത്തതിനാൽ വർഷംതോറും തനതുവരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്ന കാര്യം പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി. – ചെലവുതുക 99,060/- രൂപ തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - ₹16,781 (ബിൽ നമ്പർ 24/15-16/20.03.2016)

₹82,279 (തനത് ഫണ്ട്) ചെക്ക് നം.427485/30-01-2016

ആകെ ചെലവ് - ₹99,060

തെരുവ് വിളക്കുകളുടെ പരിപാലനത്തിന് AMC നൽകുന്നതിനുള്ള പ്രൊജക്ടുകൾക്ക് തൻവർഷം താഴെ ചേർക്കുന്ന ചെലവുകൾ ഉണ്ടായിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 5/16 | 1,30,409 | 99,060 | ശ്രീലേഷ് സി,<br>എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ |

തെരുവുവിളക്കുകളുടെ പരിപാലനത്തിനുള്ള AMC തയ്യാറാക്കുന്നതിനു മുമ്പായി തെരുവുവിളക്കുകളുടെ എണ്ണം കൃത്യമായി അറിയുന്നതിന് കെ.എസ്.ഇ.ബി.യുടെയും ഗ്രാമപഞ്ചായത്തിന്റേയും സംയുക്തപരിശോധന നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 13/29-11-16 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം നിശ്ചയിക്കുവാനുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ടെന്നും കെ.എസ്.ഇ.ബി.യുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നുമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.

ശ്രീലേഷ് സി, എലൈറ്റ് ഇലക്ട്രിക്കൽസ് എന്നയാൾക്ക് AMC തുകയായി ₹99,060 നൽകിയിട്ടുണ്ടെങ്കിലും റിപ്പയർ നടത്തിയ തെരുവുവിളക്കുകളുടെ എണ്ണം തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇതിനായി വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാണെങ്കിലും അവയിൽ റിപ്പയർ നടത്തിയ തെരുവുവിളക്കുകളുടെ എണ്ണം, സ്ഥലം, ഇലക്ട്രിക് പോസ്ററ് നമ്പർ, സ്ഥലം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ

രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹99,060 തടസപ്പെടുത്തുന്നു.

## 3-2 എസ് എസ് എ പ്രോജക്ടിനു ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയിൽ ചർച്ചചെയ്യുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, ഉളിക്കൽ ഗ്രാമപഞ്ചായത്ത്

പ്രോജക്ട് - 11/16 എസ് എസ് എ യ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം

വകയിരുത്തിയ തുക - ₹12,12,226

ചെലവ് തുക - ₹12,12,226 (ബിൽ നമ്പർ 3/15-16/25-08-2015)

എസ് എസ് എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് അനുസരിച്ച് 2015-16 വർഷം എസ് എസ് എ പ്രോജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ 35% തുക മേൽ പ്രൊജക്ട് പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

2015-16 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/തസ്വഭവ/16.11.2013 അനുബന്ധം 6(II) പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തുക എസ്എസ്എ പ്രോജക്ടിനു വേണ്ടി ഗ്രാമപഞ്ചായത്ത് വകയിരുത്തണമെന്നും എസ്എസ്എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രൊജക്ട് തയ്യാറാക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ (പി.ഇ.സി) മിനുട്സ് പരിശോധിച്ചതിൽ 14-01-2016-ന് ചേർന്ന കമ്മിറ്റിയുടെ അജണ്ടയിൽ ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് (എസ്എസ്എയ്ക്ക് ഫണ്ട് നൽകൽ) എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് ചർച്ചയോ തീരുമാനമെടുത്തതിന്റെ വിവരമോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാനം, നമ്പർ, തീയതി എന്നിവ ഹാജരാക്കിയിട്ടില്ല. ഇത്തരം പോരായ്മകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഐ എ വൈ ഭവനനിർമ്മാണം (പട്ടികജാതി) വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവു തുക 2,60,000/- രൂപ തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രോജക്ട് - 34/16 ഐ എ വൈ ഭവനനിർമ്മാണം (പട്ടികജാതി)

വകയിരുത്തിയ തുക - ₹3,80,000

ചെലവ് തുക - ₹3,80,000 (ബിൽ നമ്പർ 5/15-16/29-12-2015)

ഐഎവൈ ഭവന നിർമ്മാണം (പട്ടികജാതി) പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 2015-16 വർഷം മേൽ പ്രൊജക്റ്റ് പ്രകാരം 3,80,000/- രൂപ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഒരാൾക്ക് 20,000/- രൂപ വീതം 19 ഗുണഭോക്താക്കൾക്ക് 3,80,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് നൽകാനായിരുന്നു പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്.

2015-16 വർഷത്തിലെ ഗുണഭോക്തൃ പട്ടിക പ്രകാരം ഈ വിഭാഗത്തിൽ ആകെ 6 ഗുണഭോക്താക്കൾ മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 25-08-2015 തീയ്യതിയിൽ നടന്ന സാധാരണ മീറ്റിംഗിലെ 91/2015 നമ്പർ തീരുമാനപ്രകാരമാണ് 2015-16 വർഷത്തേക്കുള്ള ഐ എ വൈ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി ഗുണഭോക്താക്കളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ലീല വേലംപറമ്പിൽ | 10 |
| 2 | കണ്ണൻ പാറമേൽ | 17 |
| 3 | സുരേഷ് വെള്ളാപാണിയിൽ | 18 |
| 4 | വിനോദ് പറമ്പൻ | 06 |
| 5 | രാജേഷ് കിഴക്കേക്കണ്ടി | 15 |
| 6 | സുലോചന വേണാട്ട് | 20 |

ബാക്കിയുള്ള 13 ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെങ്ങനെയാണെന്ന കാര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ ഘട്ട തൽസ്ഥിതി അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ലാത്തതിനാൽ 13 പേർക്കായി നൽകിയ 2,60,000/- രൂപ (13x20000) രൂപ തടസപ്പെടുത്തുന്നു.

## 3-4 അതുല്യം - സാക്ഷരതാ പരിപാടി - വിവിധ അപാകങ്ങൾ

പ്രൊജക്റ്റ് നമ്പർ - 69/16 അതുല്യം സാക്ഷരതാ പരിപാടി

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി. യു. പി.എസ്. നുച്യാട്

അടങ്കൽ - 2,50,000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 1,68,300/- (ബിൽ നം - 7/15-16 തീയ്യതി 29-3-2016)

ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്തി 10, 11, 12 ക്ലാസുകളിലേക്കുള്ള

പരിശീലനം നൽകി പരീക്ഷ നടത്തി വിജയികളാകുന്നവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിയാണ് അതുല്യം. 160 പേർക്ക് പരിശീലനം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്ക് വേണ്ടി തൻവർഷം 2,50,000/- രൂപ വകയിരുത്തുകയും 1,68,300/- രൂപ ചെലവഴിക്കുകയും ചെയതിട്ടുണ്ട്. മേൽ പദ്ധതിയുടെ നിർവഹണത്തിൽ ചുവടെ കാണിച്ചിരിക്കുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

i) ധനവിനിയോഗ ചട്ടത്തിനു വിരുദ്ധമായി തുക മുൻകൂറായി പിൻവലിച്ചു

തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയത് ശ്രീ.പ്രകാശ് കെ.ജി എന്നയാളാണെങ്കിലും ഡിഡി (നം.32103/05-04-2016) നൽകിയിരിക്കുന്നത് ശ്രീമതി. ഓമന എന്നവർക്കാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/29-11-2016) 2016 മാർച്ച് മാസം കഴിഞ്ഞും കമ്പ്യൂട്ടർ പരിശീലകന്റെ സേവനം ആവശ്യമാണ് എന്നും അതുല്യം പദ്ധതി മാർച്ച് 31-ന് അവസാനിക്കാത്ത തുടർപദ്ധതിയായതിനാൽ അതുല്യം സാക്ഷരതാ പ്രേരകും കോർഡിനേറ്ററുമായ ശ്രീമതി. ഓമനയുടെ പേരിൽ ഡിഡി എടുത്ത് പരിശീലനാന്ത്യത്തിൽ തുക നൽകുകയായിരുന്നു എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. നിശ്ചിത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കാതെ വരുമ്പോൾ മറ്റൊരാളുടെ പേരിൽ പണം പിൻവലിച്ച് സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. കേരള സർക്കാരിന്റെ 12-4-2006-ലെ ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി) 177/2006/FIN ഉത്തരവിന്റെ ഖണ്ഡിക 6.1-ൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നുണ്ട്.

നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്ത പദ്ധതികൾ വരും വർഷത്തേക്ക് ആവശ്യമായ തുക വകയിരുത്തി സ്പിൽ ഓവറായി തയ്യാറാക്കേണ്ടതാണ്.

ii) ട്രിപ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക 10,000/- രൂപ തടസ്സപ്പെടുത്തുന്നു

കണ്ണൂർ ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ നിന്നും പുസ്തകം വാങ്ങാൻ രണ്ടു തവണ പോയതിനും ഇരിക്കൂർ സെന്റർ പ്ലസ് വൺ പഠിതാക്കളുടെ മോണിറ്ററിംഗിനായി ഉദ്യോഗസ്ഥരെ കൊണ്ടുപോയി തിരിച്ചു കൊണ്ടു വന്നതിന്റെയും വണ്ടിക്കൂലിയായി 10,000/- രൂപ ശ്രീ.ഹരീഷ് കുമാറിന് നൽകിയിട്ടുണ്ട് (ഡിഡി നം.32104/05-4-16). വാഹനത്തിന്റെ ട്രിപ് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ട്രിപ് ഷീറ്റിന്റെ അഭാവത്തിൽ ചെലവ് തുകയായ 10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ജവഹർ ഭവനപദ്ധതി -നിർവഹണത്തിലെ അപാകങ്ങൾ

i) നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | - | 31/2016 ജവഹർ ഭവന നിർമ്മാണ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | വി ഇ ഒ |
| അടങ്കൽ | - | 40,00,000/- (വികസന ഫണ്ട് – ജനറൽ) |

ചെലവ് - 34,00,000/-

2015-16 വർഷം മേൽ പ്രൊജക്ട് പ്രകാരം 34,00,000/- രൂപ ചെലവഴിച്ച് 17 ഗുണഭോക്താക്കൾക്ക് ഭവനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ താഴെ കൊടുത്ത 6 ഗുണഭോക്താക്കൾ ഒന്നാം ഗഡു തുക (1,80,000/-) കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|---|
| 1 | പൊന്നമ്മ പ്ലാക്കാട്ട് | 60,000 | 70,000 | 50,000 | മേൽക്കൂര |
| 2 | ചന്ദ്രൻ കാരക്കാട്ട് | 60,000 | 70,000 | 50,000 | മേൽക്കൂര |
| 3 | ജാനകി പുതിയപുരയിൽ | 60,000 | 70,000 | 50,000 | മേൽക്കൂര |
| 4 | ദേവകി പൂക്കണ്ടി | 60,000 | 70,000 | 50,000 | മേൽക്കൂര |
| 5 | ആനന്ദൻ ആശാരിക്കണ്ടി | 60,000 | 70,000 | 50,000 | മേൽക്കൂര |
| 6 | പ്രവീൺ മരുതേലിൽ | 60,000 | 70,000 | 50,000 | മേൽക്കൂര |

മേൽ കൊടുത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii) 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ലെന്ന് സെക്രട്ടറിയുടെ പേരിൽ കരാർ രജിസ്റ്റർ ചെയ്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

പ്രൊജക്ട് - 181/16 (ജവഹർ ഭവന നിർമ്മാണ പദ്ധതി 2015-16

ഗുണഭോക്താക്കൾക്ക് മുദ്രപത്ര വിലയും രജിസ്ട്രേഷൻ

ഫീസും നൽകൽ) വകയിരുത്തിയ തുക - ₹1,00,000 (വികസന ഫണ്ട് – ജനറൽ)

ചെലവ് തുക - ₹63,730 (ബിൽ നമ്പർ 8/15-16/21-03-2016)

₹22,500 (ബിൽ നമ്പർ 12/15-16/30-03-2016)

സ.ഉ.(സാധാ) നം.1050/2014/തസ്വഭവ തീയ്യതി 29-04-2014 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെടുന്നവർ 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ലെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരിൽ കരാർ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം വെച്ച കരാറിൽ 12 വർഷത്തിനു പകരം 10 വർഷത്തേക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ലെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തെറ്റ് പരിഹരിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് നിർദേശം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദേശിച്ച പ്രകാരം 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുന്നില്ലെന്നുറപ്പു വരുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 സ്ഥിരം/പൂർണ്ണസമയ ജീവനക്കാരുടെ അഭാവം - എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉളിക്കൽ പഞ്ചായത്തിന് അനുവദിക്കപ്പെട്ട തസ്തികകൾ, ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാർ എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | ഓഡിറ്റ് വർഷം ലഭ്യമായത് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | -- |
| 2 | ഓവർ സീയർ ഗ്രേഡ്-1 | -- | -- |
| 3 | ഓവർ സീയർ ഗ്രേഡ്-2 | -- | -- |
| 4 | ഓവർ സീയർ ഗ്രേഡ്-3 | 2 | 1 |
| 5 | ക്ലാർക്ക് | - | - |
| | ആകെ | 3 | 1 |

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉളിക്കൽ പഞ്ചായത്തിന് അനുവദിക്കപ്പെട്ട 3 തസ്തികകളിൽ 1 ഓവർ സീയർ ഗ്രേഡ്-3 മാത്രമാണ് ഓഡിറ്റ് വർഷം മുഴുവൻ സമയവും ലഭ്യമായിരുന്നത്. പയ്യാവൂർ, ഏരുവേശ്ശി, പടിയൂർ പഞ്ചായത്തുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർക്കും ഏരുവേശ്ശി പഞ്ചായത്തിലെ ഓവർ സീയർ ഗ്രേഡ്-2-നും ഉളിക്കൽ പഞ്ചായത്തിന്റെ ചുമതല കൂടി നൽകിയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

സ്ഥിരം/പൂർണ്ണ സമയ ജീവനക്കാരുടെ അഭാവം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് ചുവടെ കൊടുത്ത 2015-16-ലെ പട്ടികയിൽ നിന്നും വ്യക്തമാണ്.

| | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയത് | | പൂർത്തിയാക്കിയത് | | പൂർത്തിയാക്കാൻ ബാക്കിയുള്ളത് | |
|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| പ്രൊജക്റ്റുകൾ | 130 | 72 | 55 | 70 | 54 | 2 | 2 |

അംഗീകാരം ലഭിച്ച 130 പ്രൊജക്റ്റുകൾക്കായി 4,96,35,038/- രൂപ വകയിരുത്തിയതിൽ 2,85,87,304/- രൂപ (58 ശതമാനം) മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്.

ഉളിക്കൽ, പടിയൂർ ഗ്രാമപഞ്ചായത്തുകൾക്കായി ഇപ്പോൾ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസീയറും മാത്രമാണുള്ളത്. സാമാന്യം വലിയ രണ്ടു പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം ഒരേ സമയം നടത്തുകയെന്നത് ബുദ്ധിമുട്ടേറിയ കാര്യമാണ്. ക്ലറിക്കൽ ജീവനക്കാരന്റെ അഭാവം കാരണം ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടക്കുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ അപേക്ഷയിന്മേൽ പരിശോധന നടത്താനും സ്കൂളുകൾ ഉൾപ്പെടെയുള്ളവയ്ക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകാനും ഭവനനിർമ്മാണത്തിന് സ്റ്റേജ്/വാല്വേഷൻ സർട്ടിഫിക്കറ്റ് നൽകാനും കൂടി എഞ്ചിനീയറിംഗ് വിഭാഗ ജീവനക്കാരുടെ സേവനം വിനിയോഗിക്കേണ്ടി വരുന്നത് പദ്ധതി പ്രവർത്തനത്തെ സാരമായി പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## 3-7 പാലിയേറ്റീവ് പരിചരണം - അവലോകനം

ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശരോഗികൾ, പക്ഷാഘാതം പോലുള്ള രോഗങ്ങളാൽ ശരീരം തളർന്ന കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹ രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസിക രോഗമുള്ളവർ, പ്രായാധിക്യം കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള സംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് പാലിയേറ്റീവ് പരിചരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷമാണ് പാലിയേറ്റീവ്കെയർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയ 1100 രോഗികൾക്ക്

തൻവർഷം പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിൽ 288 പേർ പരിചരണ കാലയളവിൽ മരണപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് വർഷം രോഗികൾക്കാവശ്യമായ വീൽചെയർ, കമ്മോഡ് ചെയർ എന്നീ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഹോംകെയർ സംവിധാനത്തിലൂടെ ഓരോ മാസവും ബാത്ത്, കത്തീറ്ററൈസേഷൻ, ബെഡ്സോർ ഡ്രസ്സിങ്, രക്തസമ്മർദ്ദ പരിശോധന, പ്രമേഹരോഗ പരിശോധന, ഔഷധങ്ങൾ നൽകൽ തുടങ്ങി വിവിധങ്ങളായ സേവനങ്ങൾ നൽകി വരുന്നുണ്ട്. പാലിയേറ്റീവ് പരിചരണത്തിൽ സാമൂഹിക സംഘടനകൾ, മറ്റ് സർക്കാരിതര സംഘടനകൾ, എന്നിവയുടെയൊന്നും സഹായങ്ങൾ ലഭിച്ചിട്ടില്ല. ആശ്രയ കുടുംബങ്ങളിലെ രോഗികൾ മുഴുവനായും പാലിയേറ്റീവ് പരിചരണം പ്രോജക്ടിന്റെ രോഗികളുടെ ലിസ്റ്റിലുൾപ്പെട്ടിട്ടില്ല. ഹോംകെയർ ടീം പ്രതിദിനം 8 മുതൽ 10 വരെ രോഗികളെ സന്ദർശിക്കുന്നുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി മാസം തോറും അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഹോംകെയർ ടീമിന്റെ യാത്രാചെലവ് ഇനത്തിൽ തൻവർഷം 1,84,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മോഡ് ചെയർ, വാട്ടർബെഡ്, എയർബെഡ് എന്നീ ഉപകരണങ്ങൾ പാലിയേറ്റീവ് പരിചരണത്തിലുള്ളവർക്ക് വാങ്ങി നൽകിയിട്ടുണ്ട്. തൻവർഷം S059/2016 (സാന്ത്വനപരിചരണം) എന്ന പ്രോജക്ടിനായി 5,00,000/- രൂപ വകയിരുത്തുകയും ആകെ 4,26,316/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

(1) ഗ്രാമീണ മേഖലയിൽ തൊഴിൽ എടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ആദിവാസികൾ, എസ്.സി, എസ്.ടി, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക പുരോഗതിയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(2) ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഈ പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം

| മുന്നിരിപ്പ് | വരവ് (പലിശയടക്കം) | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|
| 0 | 2,13,92,748 | 2,13,92,748 | 2,13,90,681 | 2,067 | 99.99 |

തൻവർഷത്തെ മൊത്തം ചെലവിന്റെ 5 ശതമാനം മാത്രമേ ഭരണച്ചെലവുണ്ടായിട്ടുള്ളൂ.

(3) 2015-16 വാർഷിക പദ്ധതി പ്രകാരം 1,040 പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 194 എണ്ണം (19 ശതമാനം) മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(4) ആകെ 2475 കുടംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 25 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ ഗ്രാമ പഞ്ചായത്തിന്

കഴിഞ്ഞിട്ടില്ല. രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(6) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16-05-2007-ലെ 23283/ D.B/2/2007 നമ്പർ സർക്കുലർ പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് പ്രത്യേക പൌരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

(7) തൊഴിലുറപ്പിൽ ജോലി ചെയ്യുന്ന ബി.പി.എൽ. കുടുംബങ്ങളെ മുഴുവൻ ആർ.എസ്.ബി.വൈ.യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പരാതി പരിഹാരാർത്ഥം ആഴ്ചയിലൊരു ദിനം തൊഴിലുറപ്പ് ദിനമായി ആചരിച്ചിട്ടുണ്ട്.

(8) ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 3-9 ദുരിതാശ്വാസനിധി - അവലോകനം

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് (എസ്ബി അക്കൗണ്ട് നം.12362) ഉളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഉളിക്കൽ ശാഖയിൽ ആരംഭിക്കുകയും സംഭാവനയിലൂടെയും മറ്റുമായി നിധിയിലേക്ക് ധനം സമാഹരിക്കുകയും ചെയ്തിട്ടുണ്ട് .

2015-16 വർഷത്തെ ദുരിതാശ്വാസ നിധി കണക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | - |
| വരവ് | 12,550 |
| പലിശ വരവ് | - |
| ആകെ | 12,550 |
| ചെലവ് | 1,000 |
| നീക്കിയിരിപ്പ് | 11,550 |

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളെ തുടർന്ന് 08.08.2016-ന് മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുള്ളത്. 1 അപേക്ഷകന് മാത്രമാണ് ഓഡിറ്റ് വർഷം ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സ/സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളത്. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾക്കായി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം യോഗം ചേരുകയുണ്ടായില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,05,000 | പ്രൊജക്ട് നം. 28/2016<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,05,000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത | 2014-15 | 45,000 | നെൽകൃഷി വികസനം | 45,000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2015-16 | 1,00,000 | പ്രൊജക്ട് നം. 06/2016<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | ബിൽ നം/ വൗച്ചർ നം | മുൻകൂർ നൽകിയ തുക | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|
| കേയാപ്പറമ്പ്- ആശാരിക്കുന്ന് -ക്കുമൻ തോട് റോഡ് ടാറിങ്ങ്- എം പി എൽ എ ഡി എസ് | ലിജുമോൻ കെ.ആർ. | ബിൽ നം. 244/16 വൗച്ചർ നം. 121500240 തീയ്യതി | 1,10,400 | ഇല്ല | 1,10,400 |

| | | | | | |
|---|---|---|---|---|---|
| | | 19-06-15 | | | |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പാ തുക ലഭിച്ച വർഷം | വർഷാരം ഭത്തിൽ തിരിച്ചട ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട ക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി വായ്പ | 477/2010 എൽ എസ് ജി ഡി തീയ്യതി 11-02-2010 | 2010-11 | 44,48,012 | ഇല്ല | 8,42,256 | 44,48,012 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16-ൽ ലഭിച്ച 3,580/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2000-2001 | ലഭ്യമല്ല | 3,580 | പി.എസ്. സോമൻ, അസി.എഞ്ചിനീയർ | 11502400001/ 22-06-2015 |

## 4-8 ചാർജ്ജ്-സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 4,26,71,562 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 5,69,76,604 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,69,060 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 99,060 | ശ്രീ. ബി. കെ. കേശവ, സെക്രട്ടറി |
| 3-3 | 2,60,000 | ശ്രീ.സുരേഷ് ബാബു കെ, അസി. സെക്രട്ടറി |
| 3-4 | 10,000 | ശ്രീമതി.മേരി മാത്യു,<br>ഹെഡ് മിസ്ട്രസ്സ്, ജി.യു.പി.എസ്,നച്ച്യാട് |
| ആകെ | 3,69,060 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## **4-11** ഓഡിറ്റ് ഇംപാക്ട്

ഇല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെഎസ്എ/കെഎൻആർ/സി1/1392/15(2) | 1 |
| 2005-06 | കെഎസ്എ/കെഎൻആർ/സി1/1392/15(2) | 4 |
| 2006-07 | കെഎസ്എ/കെഎൻആർ/സി1/1392/15(2) | 4 |
| 2007-08 | കെഎസ്എ/കെഎൻആർ/സി1/1392/15(2) | 6 |
| 2008-09 | കെഎസ്എ/കെഎൻആർ/സി1/1392/15(2) | 6 |
| 2009-10 | കെഎസ്എ/കെഎൻആർ/സി1/1392/15(2) | 3 |
| 2010-11<br>2011-12 | കെഎസ്എ/കെഎൻആർ/സി1/193/1(14) | 10 |
| 2012-13<br>2013-14 | കെഎസ്എ/കെഎൻആർ/സി1/299/16 | 14 |
| 2014-15 | കെഎസ്എ/കെഎൻആർ/സി1/1439/2016 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

# AUDIT CERTIFICATE

No.KSA/KNR/C4/2130/2016.

Kerala State Audit Department,

District Audit Office, Kannur,
ഇ-മെയിൽ lfaddistofficeknr@gmail.com

വെബ് www.lfa.kerala.gov.in

ഫോൺ 0497-2707698

തിയ്യതി : 02.02.2017.

Certified that I have audited the Annual Financial Statement of ULIKKAL Gramapanchayath in KANNUR District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of ULIKKAL Gramapanchayath for the year 2015-16 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

DISTRICT AUDIT OFFICE, KANNUR.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ/കെഎൻആർ/സി4/2130/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,,
ഇ-മെയിൽ lfaddistofficeknr@gmail.com

വെബ് www.lfa.kerala.gov.in

ഫോൺ 0497-2707698

തിയ്യതി : 02.02.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, അതിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2

# Income & Expenditure statement

For the period from 01-April 2015 to 31 March 2016

Ulikkal Grama Panchayath

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 46,56,721.00 |
| 130000000 | Rental Income from panchayath properties | I-3 | 4,22,924.00 |
| 140000000 | Fee &User charges | I-4(b) | 6,01,068.00 |
| 150000000 | Sale &Hire Charges | I-5(b) | 2,93,008.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 8,44,45,182.00 |
| 170000000 | Interest Earned | I-8 | 31,638.00 |
| 180000000 | Other Income | I-9 | 16,607.00 |
| A | Total Income | | 9,04,67,188.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 83,56,697.00 |
| 220000000 | Administrative Expenses | I-11(b) | 7,42,452.00 |
| 230000000 | Operations &Maintanance | I-12(b) | 7,07,698.00 |
| 240000000 | Interest &Finance Charges | I-13 | 11,414.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan programme – Productive Sector | I-14 | 57,62,831.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 3,10,79,324.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 19,92,589.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 1,62,000.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 3,37,49,705.00 |
| 255000000 | Maintanance Projects | I-14(e) | 33,71,326.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 1,41,660.00 |
| 260000000 | Grants Comtributions and Compensations from Own Fund | I-15 | 2,000.00 |
| 272000000 | Depreciation | I-17(a) | 32,47,975.00 |
| B | Total – Expenditure | | 8,93,27,675.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 11,39,513.00 |
| 280000000 | Prior period Item | I-18 | 28,72,560.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (17,33,047.00) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet (Panchayat Fund) | | |

# അനുബന്ധം-3

# Receipt And Payment Statement

For the period from 01 April 2015 to 31 March 2016

Ulikkal Grama Panchayath

| Code | Head Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 2,68,27,748.00 |
| | Cash | RP-40(a) | 340361.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 11,85,760.00 |
| 140000000 | Fees &User Charges | RP- 4 | 4,57,030.00 |
| 150000000 | Sale &Hire Charges | RP- 5 | 2,32,858.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 1,09,61,882.00 |
| 171000000 | Interest Earned | RP- 9 | 31,638.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 2,63,43,679.00 |
| 350000000 | Other Liabilities | RP-36 | 69,350.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 25.00 |
| 340000000 | Deposits Received | RP- 34 | 4,55,609.00 |
| 350000000 | Other Liabilities | RP- 36 | 1,05,874.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 28,13,857.00 |
| 460000000 | Loans,Advances and Deposits | RP- 47 | 14,000.00 |
| Grand Total | | | 6,98,39,671.00 |

| Payments | | | |
|---|---|---|---|
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 20,89,149.00 |
| 220000000 | Administrative Expenses | RP-12 | 7,42,456.00 |
| 230000000 | Operatations &Maintanance | RP-13 | 7,07,698.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 26,62,831.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 1,33,19,731.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 4,37,607.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 1,62,000.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 4,94,940.00 |
| 255000000 | Maintanance Projects | RP-20 | 35,68,575.00 |
| 256000000 | Other Revenue Grants and Funds – Revenue Expwnses | RP-21 | 33,600.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2,000.00 |
| 280000000 | Prior Period Item | RP-26 | -3,580.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 92,074.00 |
| 350000000 | Other Liabilities | RP-36 | 47,35,326.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 11,414.00 |
| 280000000 | Prior Period Item | RP-26 | -107.00 |
| 340000000 | Deposits Received | RP-34 | 2,52,703.00 |
| 350000000 | Other Liabilities | RP-36 | 15,85,439.00 |
| 410000000 | Fixed Assets | RP-38 | 39,45,737.00 |
| 412000000 | Capital Work In Progress | RP-40 | 2,17,75,631.00 |
| 460000000 | Loans,Advances and Deposits | RP-47 | 3,61,380.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| | Bank | RP-40(b) | 1,27,29,906.00 |
| | Cash | RP-40(b) | 1,33,161.00 |
| Grand Total | | | 6,98,39,671.0 |

## അനുബന്ധം-4

# Balance Sheet

As on 31 March, 2016

Ulikkal Grama Panchayath

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 7133866.30 |
| 311000000 | Earmarked Funds | B-2 | 00.00 |
| 312000000 | Reserves | B-3 | 69111415.00 |
| | Total Reserve &surplus | | 76235281.30 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 1322749.00 |
| | Total Grants,Funds &Contributions for Specific Purposes | | 1322749.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4448012.00 |
| | Total Loans | | 4448012.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 820538.00 |
| 341000000 | Deposit Works | B-8 | 2000.00 |
| 350000000 | Other Liabilities | B-9 | 705909.70 |
| | Total Current Liabilities and Provisions | | 1528447.70 |
| | Total Liabiliities | | 83534490.00 |
| ASSETS | | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 80625243.00 |
| 411000000 | Accumulated Depreciation | B-11 | (17660654.00) |
| 412000000 | Capital Work In Progress | B-11(a) | 471239.00 |
| | Total Fixed Assets | | 63435828.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1839333.00 |
| 440000000 | Pre-paid Expenses | B-16 | 4448012.00 |
| 450000000 | Cash and Bank balance | B-17 | 12863067.00 |
| 460000000 | Loans,Advances and Deposits | B-18 | 948250.00 |
| | Total Current Assets,Loans and Advances | | 20098662.00 |
| | Total Assets | | 83534490.00 |